"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ശ്രീ.ജഗത് ജയറാം, ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ, കെട്ടിട സെക്ഷൻ നം.1 കാര്യാലയം, കോഴിക്കോട് - പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (എ) വകുപ്പ്

സ.ഉ.(സാധാ) നം.47/2025/PWD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:-

1. ശ്രീ.ജഗത് ജയറാം ന്റെ 30.09.2024-ലെ അപേക്ഷ.
2. പൊതുമരാത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 08.11.2024-ലെ ഇ.ബി.4/20308/2024 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് കെട്ടിട സെക്ഷൻ നം.1 കാര്യാലയത്തിൽ, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ, തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജഗത് ജയറാം-ന് ഒരു ഹംഗേറിയൻ ചലചിത്ര സംവിധായകനായ "ബേലാ ടാർ" എന്ന വ്യക്തിയെ കുറിച്ചുള്ള പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകണമെന്നുള്ള ടിയാന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് കെട്ടിട സെക്ഷൻ നം.1കാര്യാലയത്തിൽ ഒന്നാം തരം ഡ്രാഫ്റ്റ്സ്മാനായ ശ്രീ.ജഗത് ജയറാം പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ ഉള്ളടക്കത്തിൽ ഭരണകൂടത്തിനോ, സർക്കാരിനോ എതിരായി യാതൊന്നും ഉൾപ്പെടുത്തിയിട്ടില്ലെന്നും സാമ്പത്തിക നേട്ടം സ്വീകരിക്കുന്നില്ല എന്നും ഉറപ്പുവരുത്തിക്കൊണ്ട് പ്രസിദ്ധീകരി ക്കുന്നതിന് 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48, 62, 63 വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലിസി മോൾ. ഇ

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ(ഭരണം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം

ശ്രീ.ജഗത് ജയറാം [ചീഫ് എഞ്ചിനീയർ(ഭരണം) മുഖേന]

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ